പടന്നക്കാട് കാർഷിക കോളേജിലെയും, പീലിക്കോട് കാർഷിക ഗവേഷണകേന്ദ്രത്തിലേയും ഒഴിവുകൾ നികത്തുന്നതിന് നടപടി

248 (1218) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെയും, പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലേയും നിരവധി ഒഴിവുകൾ വർഷങ്ങളായി ഒഴിഞ്ഞുകിടന്നിട്ടും നികത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

പടന്നക്കാട് കാർഷിക കോളേജിലെ 32 അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ 26-7-2008-ലെ വിജ്ഞാപന പ്രകാരം പ്രൊഫസർ തസ്തികയിലേക്ക് 9-ഉം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് 13-ഉം ഒഴിവുകൾ നികത്തുന്നതിനുള്ള അപേക്ഷ ക്ഷണിക്കുകയും നിയമാനുസൃതം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും 7 പ്രൊഫസർമാരേയും 6 അസോസിയേറ്റ് പ്രൊഫസർമാരേയും നിയമിക്കുകയും ചെയ്തു. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കാതെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുകയാണുണ്ടായത്. മതിയായ അപേക്ഷകരില്ലാതിരുന്നതിനാൽ ഒരു പ്രൊഫസർ തസ്തികയും 7 അസോസിയേറ്റ് പ്രൊഫസർ തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണ്. ഈ തസ്തികകൾ അസിസ്റ്റന്റ് പ്രൊഫസർമാരുടേതാക്കി പ്രസ്തുത ഒഴിവുകളിൽ പുതിയതായി അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ സർവ്വകലാശാലയുടെ 24-7-2010-ലെ ജനറൽ കൗൺസിൽ തീരുമാനമനുസരിച്ച് പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം, പടന്നക്കാട് കാർഷിക കോളേജ് എന്നിവയിലേതുൾപ്പെടെയുള്ള സ്റ്റേഷനുകളിൽ ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്തുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത സ്ഥാപനങ്ങളിലേക്കു മാത്രമായി അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ നിയമനങ്ങൾ നടത്തിയിട്ടില്ല.

കൃഷി ഭവനുകൾ വഴി വിതരണം ചെയ്യുന്ന തൈകൾ

249 (1219) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭവനുകൾ വഴി അനുയോജ്യമല്ലാത്ത സമയങ്ങളിൽ വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന്റെ ഫലമായി തൈകൾ നശിച്ചു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വരുംവർഷങ്ങളിൽ നടുവാൻ അനുയോജ്യമായ കാലങ്ങളിൽ തൈകൾ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly